മണ്ണാറശാല ശ്രീ നാഗരാജക്ഷേത്രം



# ആയില്യ മഹോത്സവം

2023 (1199)







| പുണർതം | പൂയം | ആയില്യം |
|---|---|---|
| 2023 നവംബർ 04 (1199 തുലാം 18) | 2023 നവംബർ 05 (1199 തുലാം 19) | 2023 നവംബർ 06 (1199 തുലാം 20) |



1993 ഒക്ടോബർ 24 വരെ
നാഗോപാസകയായിരുന്ന
**ദിവ്യശ്രീ സാവിത്രി അന്തർജ്ജനം**



2023 ആഗസ്റ്റ് 09 വരെ
നാഗോപാസകയായിരുന്ന
**ദിവ്യശ്രീ ഉമാദേവി അന്തർജ്ജനം**



2023 ആഗസ്റ്റ് 09 ന്
നാഗോപാസകയായി സ്ഥാനമേറ്റ
**ദിവ്യശ്രീ സാവിത്രി അന്തർജ്ജനം**



# വന്ദനശ്ലോകം

ശശാങ്കശതദീധിതിം ദ്രുതഹിരണ്യശൈലാകൃതിം
പിശംഗകുടിലോല്ലസജ്ജടിലമബ്ജചൂഡാമണിം
വിസൃത്വരഫണോത്കരപ്രചുരരത്നമാലോജ്ജ്വലം
ഭുജംഗമകുലാധിപം ഭുവനനാഥമാരാധയേ.

ധൃതമരതകമാലാമാശു മന്ദാരശാലാ-
വിപിനമധിവസന്തീം സംസ്ഫുരച്ചന്ദ്രകാന്തീം
ഘുസൃണമസൃണഗാത്രീം ഭൂരികല്യാണദാത്രീം
സരസിജസദൃശാക്ഷീമാശ്രയേ സർപ്പയക്ഷീം.

നാഗാധിനാഥദയിതാമഥ നാഗയക്ഷീം
നാനാവിഭൂഷണവിശേഷിതഗാത്രലക്ഷ്മീം
കൗസുംഭകാന്തികമനീയതരാംബരാഢ്യാം
ജംഭാരിമുഖ്യവിനതാംഘ്രിയുഗാം ഭജാമി.

ചണ്ഡാംശുഭാസ്വന്മണികുണ്ഡലാഢ്യാം
ചാമുണ്ഡികാം മണ്ഡിതകുണ്ഡലീഢ്യാം
തിഗ്മാട്ടഹാസത്രുടിതത്രിലോകീം
സേവേ കൃപാണോഗ്രകരാം കരാളാം.

(ബ്രഹ്മശ്രീ. എം.ജി. നാരായണൻ നമ്പൂതിരി രചിച്ച
മന്ദാരശാലോദയം കാവ്യത്തിൽനിന്നും)




ഭക്തജനങ്ങളെ,

ഭാരതത്തിലെ പരിപാവനങ്ങളായ നാഗാരാധനാ കേന്ദ്രങ്ങളിൽ അതിപുരാതനമായ മണ്ണാറശാല ശ്രീ നാഗരാജ ക്ഷേത്രത്തിൽ ഈ വർഷത്തെ ആയില്യ മഹോത്സവം പാരമ്പര്യ വിധിപ്രകാരമുള്ള ആചാരാനുഷ്ഠാനങ്ങളോടെ 2023 നവംബർ 4, 5, 6 തീയതികളിൽ ആഘോഷിക്കുകയാണ്.

1993 മുതൽ ക്ഷേത്രത്തിലെ മുഖ്യ പൂജാരിണിയായിരുന്ന മണ്ണാറശാല അമ്മ ദിവ്യശ്രീ ഉമാദേവി അന്തർജ്ജനത്തിന്റെ സമാധി വർഷമാകയാൽ കലാ-സാംസ്കാരിക പരിപാടികൾ ഒഴിവാക്കി ഭക്തിപ്രദവും അദ്ധ്യാത്മികവുമായ പരിപാടികൾ മാത്രം ഉൾപ്പെടുത്തിയാണ് ഈ വർഷത്തെ ആയില്യ മഹോത്സവം കൊണ്ടാടുന്നത്. ആയില്യമഹോത്സവത്തിനു മുന്നോടിയായി നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും കീഴ്പ്പതിവിൻപടിയുള്ള നാലു ദിവസത്തെ കളഭമുഴുക്കാപ്പ് ചാർത്തൽ നവംബർ 1-ാം തീയതി രോഹിണി നാളിൽ ആരംഭിക്കും.

തിരുവാതിര നാളായ നവംബർ 03 ന് നാഗരാജാവിന് ഏകാദശ രുദ്രാഭിഷേകവും 11 വൈദിക ശ്രേഷ്ഠരുടെ കാർമ്മികത്വത്തിൽ നിലവറയ്ക്ക് സമീപം സർപ്പംപാട്ടുതറയിൽ രുദ്രമൂർത്തിയായ മഹാദേവന് രുദ്ര ഏകാദശിനീ കലശാഭിഷേകവും നടക്കും.

മുഴുക്കാപ്പ് ചാർത്തൽ പൂർണ്ണമാകുന്ന നവംബർ 4-ാം തീയതി ശനിയാഴ്ച പുണർത സന്ധ്യയിൽ നടക്കുന്ന മഹാദീപക്കാഴ്ചയോടെയാണ് ആയില്യ ഉത്സവാഘോഷങ്ങൾ ആരംഭിക്കുന്നത്.

അനന്ത - വാസുകീ ചൈതന്യങ്ങൾ ഏകീഭാവത്തിൽ കുടികൊള്ളുന്ന മണ്ണാറശാലയിൽ, വിശേഷാൽ പൂജാദി നൈവേദ്യങ്ങളാൽ സംപ്രീതനായിരിക്കുന്ന സാക്ഷാൽ അനന്തഭഗവാന്റെ ദർശനപുണ്യമായ പൂയം തൊഴൽ നവംബർ 5 ഞായറാഴ്ച നടക്കും. നിലവറയിൽ നിത്യവാസം ചെയ്യുന്ന നാഗരാജാവായ അനന്ത സങ്കൽപ്പത്തിലുള്ള തിരുവാഭരണമാണ് അന്നേ ദിവസം ക്ഷേത്ര ശ്രീകോവിലിൽ ഭഗവാന് ചാർത്തുന്നത്.

നവംബർ 6-ാം തീയതി തിങ്കളാഴ്ചയാണ് വിശ്വപ്രസിദ്ധമായ മണ്ണാറശാല ആയില്യം. പാരമ്പര്യവിധിയനുസരിച്ച് നൂറ്റാണ്ടുകളായി തുടർന്നു വരുന്ന ആചാരപ്രകാരം ആയില്യം നാളിൽ ക്ഷേത്ര ശ്രീകോവിലിൽ പൂജകൾക്ക് നേതൃത്വം വഹിക്കുന്നത് കുടുംബകാരണവരാണ്. കുടുംബ കാരണവരുടെ നേതൃത്വത്തിൽ ക്ഷേത്രത്തിൽ നടക്കുന്ന കലശാഭിഷേകവും നാഗരാജാവിന്റെ വാസുകീ ഭാവത്തിലുള്ള തിരുവാഭരണം ചാർത്തിയുമുള്ള പ്രത്യേക പൂജകളും നൂറുംപാലുമാണ് ആയില്യം നാളിലെ സവിശേഷമായ ചടങ്ങുകൾ.

2023 ആഗസ്റ്റ് മാസം 09-ാം തീയതി സമാധിയായ ദിവ്യശ്രീ ഉമാദേവി അന്തർജ്ജനത്തിന്റെ പിൻഗാമിയായി മണ്ണാറശാല അമ്മയായി അവരോധിതയായ സംവത്സര വ്രതദീക്ഷ അനുഷ്ഠിക്കുന്ന ദിവ്യശ്രീ സാവിത്രി അന്തർജ്ജനം ആയില്യം നാളിൽ നിലവറയ്ക്ക് സമീപം തെക്കെതളത്തിൽ ഭക്തജനങ്ങൾക്ക് ദർശനം നൽകും.

ഭക്താഭീഷ്ട പ്രദായകനായി മണ്ണാറശാലയിൽ വാഴുന്ന നാഗാധിനാഥന്റെ പ്രധാന ആട്ട വിശേഷമായ തുലാമാസത്തിലെ ആയില്യം നാളിൽ നിറഞ്ഞ ഭക്തിയോടെ ദർശനത്തിനെത്തുന്ന സമസ്ത ഭക്തജനങ്ങളിലും ഭുജംഗമകുലാധിപന്റെ അനുഗ്രഹവർഷം ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ,

എം. കെ. പരമേശ്വരൻ നമ്പൂതിരി
മണ്ണാറശാല ഇല്ലം

# കാര്യപരിപാടികൾ




**പുണർതം** 2023 നവംബർ **04** (1199 തുലാം 18) ശനിയാഴ്ച

വൈകുന്നേരം 5 മണിക്ക് : **നടതുറപ്പ്**

അസ്തമയത്തിങ്കൽ :



## മഹാദീപക്കാഴ്ച

വൈകിട്ട് 6.30 ന് :




ഭാരതകലാരത്ന **കോഴിക്കോട് പ്രശാന്ത് വർമ്മ** നയിക്കുന്ന

## മാനസജപലഹരി

## പൂയം 2023 നവംബർ 05 (1199 തുലാം 19) ഞായറാഴ്ച

രാവിലെ 5.30 മുതൽ 6.30 വരെ : **ഹരിനാമകീർത്തനം**

6.30 മുതൽ 8.30 വരെ : **ഭാഗവതപാരായണം**

8.30 മുതൽ 9.30 വരെ : **അഷ്ടപദി**
കുമാരി ശ്രീനന്ദ ഇളയിടം

**രാവിലെ 9.30 ന് മേൽ : നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും തിരുവാഭരണംചാർത്തി ചതുഃശത നിവേദ്യത്തോടെയുള്ള പൂയം നാളിലെ ഉച്ചപ്പൂജ (ദർശന പ്രധാനം)**

9.30 മുതൽ 12 വരെ : **നാമസങ്കീർത്തനാമൃതം**
ഗായത്രി ഭജന മണ്ഡലി, ഇടപ്പള്ളി

**11. 00 മണി മുതൽ : പ്രസാദമൂട്ട്**
**[ക്ഷേത്രം വക യു. പി. സ്കൂൾ അങ്കണത്തിൽ]**



ഉച്ചയ്ക്ക് 12.00 മുതൽ 1.30 വരെ : പുരാണ കഥാഖ്യാനം :
**നാഗപുരാണം**
ഡോ. പി.വി. വിശ്വനാഥൻ നമ്പൂതിരി



വൈകിട്ട് 3.00 മുതൽ 5.30 വരെ : **നാരായണീയ പാരായണം**
ബാംസുരി നാരായണീയ സമിതി, ഹരിപ്പാട്

5.30 മുതൽ 7.00 വരെ : **സോപാന സംഗീതലയം**
ശ്രീ. അമ്പലപ്പുഴ വിജയകുമാർ & പാർട്ടി

7.00 മുതൽ 10.00 വരെ :



**സാമ്പ്രദായിക് ഭജൻ**

അവതരണം :

**നാമസങ്കീർത്തന തിലകം**
**തൃപ്പൂണിത്തുറ പി.എസ് രാമചന്ദ്ര ഭാഗവതർ & പാർട്ടി**

## ആയില്യം 2023 നവംബർ 06 (1199 തുലാം 20) തിങ്കളാഴ്ച

രാവിലെ 5.30 മുതൽ 6.30 വരെ : ഹരിനാമകീർത്തനം

6.30 മുതൽ 8.30 വരെ : ഭാഗവതപാരായണം

8.30 മുതൽ 10.00 വരെ : **അദ്ധ്യാത്മിക പ്രഭാഷണം**

പൂജനീയ ഭൂമാനന്ദ തീർത്ഥപാദർ
(കാർത്തികേയാശ്രമം, ഹരിപ്പാട്)

**10 മണി മുതൽ : മഹാപ്രസാദമൂട്ട്**
**[ക്ഷേത്രം വക യു. പി. സ്കൂൾ അങ്കണത്തിൽ]**

10.00 മുതൽ 12.30 വരെ :

ചലച്ചിത്ര-മിനിസ്ക്രീൻ പിന്നണിഗായകരും കലാനിധി പ്രതിഭകളും അവതരിപ്പിക്കുന്ന

# നാഗഭൈരവി-സംഗീത സമന്വയം

വേദിയിൽ : പ്രൊഫ.എൻ.ലതിക, രവിശങ്കർ, രഞ്ജിനി സുധീരൻ,
മഹേന്ദ്രൻ.കെ.പൊതുവാൾ, തേക്കടി രാജൻ, രാധിക.എസ്.നായർ, സായിപൗർണ്ണമി
ആവിഷ്ക്കാരം : ഗീതാ രാജേന്ദ്രൻ (കലാനിധി)

ഉച്ചയ്ക്ക് 12.30 മുതൽ 2.00 വരെ : **പുരാണ കഥാഖ്യാനം**

ശ്രീ. ബിനുവിശ്വനാഥൻ (യുവ സാഹിത്യകാരൻ)

2.00 മുതൽ 5.30 വരെ : **ഭക്തിഗാനമഞ്ജരി**

ഭജൻസ്, അമൃത വിദ്യാലയം, ഹരിപ്പാട്

**കുടുംബ കാരണവർ ബ്രഹ്മശ്രീ എം. കെ. പരമേശ്വരൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും തിരുവാഭരണം ചാർത്തിയുള്ള ആയില്യം നാളിലെ വിശേഷാൽ കലശാഭിഷേകത്തിനും പൂജകൾക്കും ശേഷം ക്ഷേത്രനടയിൽ വിവിധ മേള-വാദ്യങ്ങളാൽ സേവയും നടക്കുന്നതാണ്.**

വൈകിട്ട് 4.00 മുതൽ 6.00 വരെ : **നാഗസ്വര ലയമാധുരി**

കണ്ടിയൂർ പ്രകാശ് & പാർട്ടി

6.00 മുതൽ 8.00 വരെ :



പ്രശസ്ത പുല്ലാങ്കുഴൽ വാദകനും സംഗീത സംവിധായകനുമായ
ശ്രീ പി.ആർ മുരളിയും (എറണാകുളം) സംഘവും,
അവതരിപ്പിക്കുന്ന ഭക്തിഗാനങ്ങൾ

# പുല്ലാങ്കുഴലീണം

## നാഗസ്വര–മേള വാദ്യസേവ

പൂയം, ആയില്യം നാളുകളിൽ ക്ഷേത്രനടയിലെ സേവയ്ക്ക് ശേഷം
ഉച്ചയ്ക്ക് 2.30 മുതൽ സർപ്പംപാട്ട് തറയിലും മേളവാദ്യസേവ ഉണ്ടായിരിക്കുന്നതാണ്.

പഞ്ചവാദ്യസേവ : **തൃശ്ശൂർ എരവത്ത് അപ്പുമാരാരും സംഘവും**
ഇടയ്ക്ക വാദ്യസേവ : **ശ്രീ. അമ്പലപ്പുഴ വിജയകുമാറും സംഘവും**

---

**05-11-2023 പൂയംനാളിൽ രാത്രി 10 മണിക്ക് നട അടയ്ക്കുന്നതും
06-11-2023 ആയില്യം നാളിൽ വെളുപ്പിന് 4.00 ന് നട തുറക്കുന്നതുമാണ്.
തുടർന്ന് നിർമ്മാല്യദർശനം, അഭിഷേകം, ഉഷഃപൂജ,
വിശേഷാൽ കലശാഭിഷേകം, ഉച്ചപൂജ എന്നിവയും നടക്കും.**

**07-11-2023 ചൊവ്വാഴ്ച മകം നാളിൽ ക്ഷേത്രത്തിലെ ശുദ്ധിക്രിയകൾക്ക്
ശേഷം വൈകി മാത്രമാണ് പതിവ് പൂജകൾ ആരംഭിക്കുന്നത്**

**ക്ഷേത്രത്തിലെ നടയ്ക്ക്വെയ്പ്പ് സാധനങ്ങളായ പുറ്റ്, മുട്ട, സർപ്പവിഗ്രഹങ്ങൾ, ഉപ്പ്,
മഞ്ഞൾ, ഉരുളി, കർപ്പൂരം, ചന്ദനത്തിരി മുതലായവ ദേവസ്വം സ്റ്റാളിൽ നിന്നും
മിതമായ നിരക്കിലും ക്ഷേത്ര പരിശുദ്ധിക്ക് അനുയോജ്യമായ നിലയിലും ലഭിക്കുന്നതാണ്.**

| | |
|---|---|
| പന്തലും അലങ്കാരവും | : ജയശ്രീ ഡക്കറേഷൻ, മണ്ണാറശാല പി.ഒ., ഹരിപ്പാട് |
| ശബ്ദവും വെളിച്ചവും | : അരുണാ സൗണ്ട്സ്, മഹാദേവികാട് |
| ഫോട്ടോസ് | : സൂര്യാ സ്റ്റുഡിയോ, ഹരിപ്പാട് |
| ഡിസൈനിംഗ് & പ്രിന്റിംഗ് | : അമ്പിളി ഓഫ്സെറ്റ്, ഹരിപ്പാട് |

മണ്ണാറശാല
20–10–2023

മാനേജർ
മണ്ണാറശാല ശ്രീ നാഗരാജക്ഷേത്രം
മണ്ണാറശാല പി.ഒ., പിൻ : 690514



സർപ്പബലി പൂജ

# ഒൻപതാമത് ശ്രീനാഗരാജപുരസ്കാര സമർപ്പണ ചടങ്ങ് [2022]



ശ്രീ. സദനം വാസുദേവൻ (വാദ്യം)



പദ്മഭൂഷൺ ഡോ. ടി. വി. ഗോപാലകൃഷ്ണൻ (ഗീതം)



പത്മശ്രീ കലാമണ്ഡലം ശിവൻ നമ്പൂതിരി (നാട്യം)



ശ്രീമതി കലാമണ്ഡലം സുഗന്ധി (നൃത്തം)

# മന്ദാരം
ഗസ്റ്റ് ഹൗസ്
&
റസ്റ്റോറന്റ്
മണ്ണാറശ്ശാല ക്ഷേത്രം, ഹരിപ്പാട്
PH: 0479 2417662, 2417663

# MANDARAM
GUEST HOUSE
&
RESTAURANT
MANNARASALA KSHETRAM, HARIPAD
PH: 0479 2417662, 2417663




**ഭഗവത് ദർശനത്തിനെത്തുന്ന ഭക്തർക്ക് മികച്ച താമസസൗകര്യവും ഭക്ഷണവും ഒരുക്കിക്കൊണ്ട് മണ്ണാറശാലയിൽ ശ്രീ നാഗരാജക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള അതിഥി മന്ദിരം**











## മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.
## ഫോൺ: 0479 2417662, 2417663

അമ്പിളി, ഹരിപ്പാട്-8075810817